**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 63** **27-06-2022 - ൽ മറുപടിയ്ക്ക്**

**കനോലി കനാൽ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട് കനോലി കനാൽ നവീകരിച്ച് കനാൽ സിറ്റി പദ്ധതി നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | കോഴിക്കോട് നഗരത്തിലൂടെ കടന്ന് പോകുന്നതും പശ്ചിമതീര കനാലിന്റെ ഭാഗമായതുമായ കല്ലായിപ്പുഴ മുതൽ ഇരഞ്ഞിക്കൽ വരെയുള്ള 11.20 കി.മീ ദൈർഘ്യമുള്ള കനോലി കനാൽ ജലപാതാനിലവാരത്തിലേക്ക് വികസിപ്പിക്കുന്നതിനായി ഏകദേശം 1118 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി KIIFB ധനസഹായത്തോടെ നടപ്പിലാക്കുന്നതിന് തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്. വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി കൺസൾട്ടന്റിനെ നിയോഗിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ശാസ്ത്ര സാങ്കേതിക പഠനങ്ങളും നിലവിൽ ലഭ്യമായ കനാൽ ഭൂമി സർവേ നടത്തി അടയാളപ്പെടുത്തുന്ന പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. |
| (ബി) | കോഴിക്കോട് കോരപ്പുഴ മുതൽ കല്ലായിപ്പുഴ വരെയുള്ള ഭാഗങ്ങളിൽ ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | കനാൽ വികസനത്തിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കി കഴിഞ്ഞാൽ മാത്രമേ ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ